ഭരണഭാഷ - മാതൃഭാഷ

നം: എം2/8729/2026/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം,
ഇ-മെയിൽ : secret.dge@kerala.gov.in

## വിജ്ഞാപനം

2026-2028 അദ്ധ്യയന വർഷത്തെ ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ കോഴ്‌സിലേയ്ക്ക് **ഡിപ്പാർട്ട്മെന്റ് ക്വാട്ടാ** മുഖേന തെരെഞ്ഞെടുക്കുന്നതിന് വേണ്ടി താഴെ സൂചിപ്പിച്ചിരിക്കുന്ന വിഭാഗത്തിൽ ഉൾപ്പെട്ടവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

1. **(എ)** സർക്കാർ/എയ്‌ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന ട്രെയിനിംഗ് യോഗ്യത നേടിയിട്ടില്ലാത്ത എൽ.പി.എസ്.എ/യു.പി.എസ്.എ/ജൂനിയർ ലാംഗ്വേജ് അദ്ധ്യാപകർ/സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ.അംഗീകൃത ടീച്ചിംഗ് സർവ്വീസ് ഇല്ലാത്തവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**(ബി)** 5 വർഷം സർവ്വീസും, പ്ലസ് ടു വിന് 50% മാർക്കും നേടിയ വിദ്യാഭ്യാസ വകുപ്പിൽ ജോലി നോക്കുന്ന അനദ്ധ്യാപകർക്കും(ഫുൾടൈം) 5 സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

**സി)** ട്രെയിനിംഗ് കാലയളവിൽ സ്റ്റൈഫന്റിനോ സബ്സിസ്റ്റൻസ് അലവൻസിനോ അർഹത ഉണ്ടായിരിക്കുന്നതല്ല.

## അപേക്ഷിക്കേണ്ടതിന്റെ രീതി

1. https://kbpe.kerala.gov.in/deled2026/ ഓൺലൈൻ മുഖേന. അപേക്ഷ സമർപ്പിക്കേണ്ട തീയതി 06/06/2026 മുതൽ 15/06/2026 ന 5 pm വരെ.

- **ഓൺലൈൻ മുഖേന സമർപ്പിക്കുന്ന അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും പകർപ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.**

- പരിഗണിക്കാത്ത അപേക്ഷകളെ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ യാതൊരുവിധ കത്തിടപാടുകളും നടത്തുന്നതല്ല.
- ട്രെയിനിംഗ് കാലയളവ് 2 വർഷം ആണ്.
- സർവ്വീസ് കാലയളവിന്റേയും ലഭ്യമായ സീറ്റുകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഗവ./എയ്‌ഡഡ് അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിലേയ്ക്കാണ് അപേക്ഷകരെ

തെരെഞ്ഞെടുക്കുന്നത്.

- തെരെഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ ട്രെയിനിംഗ് കാലയളവിൽ എപ്പോഴെങ്കിലും ട്രെയിനിംഗ് യോഗ്യരല്ല എന്ന് കണ്ടെത്തിയാൽ, സെലക്ഷൻ റദ്ദു ചെയ്യുന്നതിനുള്ള അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്.
- ട്രെയിനിംഗ് കാലയളവിലേയ്ക്ക് അർഹതപ്പെട്ട ലീവ് എടുക്കേണ്ടതാണ്.

**<u>തിരഞ്ഞെടുപ്പ് രീതി : സംവരണം</u>**

ഓരോ കോഴ്സിന്റേയും ആകെ സീറ്റിൽ 20% വകുപ്പുതല ക്വാട്ടയാണ്. വകുപ്പ് തല ക്വാട്ടയ്ക്ക് വേണ്ടത്ര അപേക്ഷകൾ ഇല്ലാത്ത പക്ഷം ആയത് പൊതുക്വാട്ട പ്രകാരം നികത്തുന്നതാണ്. സർവ്വീസ് ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരമാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും വെവ്വേറെ റാങ്കുലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. തിരഞ്ഞെടുപ്പിൽ അദ്ധ്യാപകർക്കായിരിക്കും മുൻഗണന.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

Digitally signed by
Asif K Yusuf
Date: 07-06-2026
10:47:24

സ്വീകർത്താവ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
4. സെക്രട്ടറി, പരീക്ഷാഭവൻ ,പൂജപ്പുര, തിരുവനന്തപുരം
5. എല്ലാ പ്രധാനാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
6. ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടർ കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

**<u>പകർപ്പ്:-</u>**

കരുതൽ ഫയൽ

# <u>സത്യവാങ്മൂലം</u>

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ വിവരങ്ങളും ശരിയാണെന്ന് ബോധിപ്പിക്കുന്നു. കൂടാതെ എന്നെ ട്രെയിനിംഗിന് തെരഞ്ഞെടുക്കപ്പെട്ടാൽ യാതൊരു കാരണവശാലും സെലക്ഷൻ റദ്ദ് ചെയ്യുവാൻ ആവശ്യപ്പെടുകയില്ല എന്നും ജി.ഒ.(പി) നം. 217/05/ഫിൻ. തീയതി 11.05.2005 ലെ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കുന്നതാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

**അപേക്ഷകന്റെ ഒപ്പും തീയതിയും**

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിവരങ്ങൾ സത്യസന്ധമാണെന്നും, സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

**ഓഫീസ് മേലധികാരിയുടെ ഒപ്പും തീയതിയും**

**സ്കൂൾ/ഓഫീസിന്റെ പേര്**